**തം സർവ്വ ലോകാമരയജ്ഞ സംഗ്രഹം**
**ത്രയീമയം ദ്രവ്യമയം തപോമയം**
**യജ്ഞൈർവ്വിചിത്രൈർയജതോ ഭവായ തേ**
**രാജൻ സ്വദേശാനനുരോദ്ധു മർഹസി (4-14-21)**

മൈത്രേയൻ തുടർന്നു:
രാജാവില്ലാത്ത രാജ്യം നീതിരഹിതവും അധാർമ്മീകവുമായ പാതയിലേക്ക് നീങ്ങുമെന്നറിഞ്ഞ ഋഷിമാർ രാജ്ഞിയുടെ സമ്മതത്തോടെ വേനനെ രാജാവാക്കി അവരോധിച്ചു. പെട്ടെന്ന് അധർമ്മത്തിനും അക്രമത്തിനും ഒരറുതിവന്നു. മാറ്റുദുഷ്ടന്മാർക്ക് വേനന്റെ ദുഷ്ടതയെ ഭയമായിരുന്നതാണ് ഈ മാറ്റത്തിനു കാരണം. ഏകഛത്രാധിപതിയും പരമാധികാരിയുമായ ഒരുവനിലാണ് സിംഹാസനം കൈവന്നത്. ഉടനെ തന്റെ അധികാരത്തെപ്പറ്റി വേനനു ബോധം വരികയും എല്ലാവിധ ധർമ്മപരമായ ചടങ്ങുകളും നാട്ടിൽ നിരോധിക്കുകയും ചെയ്തു. ഋഷിമാർ നാട്ടിൽ അധർമ്മം പെരുകുന്നതു വേദനയോടെ കണ്ടു. വേനൻ രാജാവാണെങ്കിലും അല്ലെങ്കിലും ഫലം ഒന്നുതന്നെയായിരുന്നുവല്ലോ. എങ്കിലും അവർ രാജാവിനോട് സംസാരിക്കാൻ തീരുമാനിച്ചു.

അവർ പറഞ്ഞു: "രാജാവേ, താങ്കളുടെ നന്മയ്ക്കു വേണ്ടിത്തന്നെയാണ് ഞങ്ങൾ വന്നുപദേശിക്കുന്നത്. ഒരുവന്റെ ശരീരമനോബുദ്ധികൾകൊണ്ട് ഉചിതമായി കടമകളും കർത്തവ്യങ്ങളും നിറവേറ്റുമ്പോൾ അവന് എല്ലാവിധ ദു:ഖങ്ങളിൽനിന്നും മോചനം ലഭ്യമാകുന്നു. അങ്ങയുടെ ജോലി നാട്ടിലെ സമാധാനം ധർമ്മം, സുരക്ഷ, ഐശ്വര്യം എന്നിവ കാത്തു സംരക്ഷിക്കലാണ്. അതുപേക്ഷിക്കരുതേ. ഏതൊരു രാജാവിന്റെ പ്രജകളാണോ ഭഗവൽപൂജകളും, ധർമ്മനിഷ്ഠകളും ചെയ്യുന്നത്, ആ രാജാവിനും പ്രജകൾക്കും ശാന്തിയും ഐശ്വര്യവും ലഭ്യമത്രെ. ജനം, ഭഗവൽപ്പൂജചെയ്ത് അങ്ങയുടെ ഐശ്വര്യം ഉറപ്പാക്കുന്നു. അതുകൊണ്ട് ജനനന്മചെയ്യുക എന്നത് അങ്ങയുടെ കർത്തവ്യമത്രെ. അവരുടെ സ്നേഹത്തിനു പാത്രമായി ഭഗവാന്റെ അനുഗ്രഹങ്ങൾ നേടിയാലും."

ദുഷ്ടനായ വേനൻ പറഞ്ഞു. "വിഡ്ഢികളേ, പ്രീതിപ്പെടുത്തേണ്ട, പ്രസാദിപ്പിക്കേണ്ട ഏതോ ഒരു ഭഗവാനെപ്പറ്റി നിങ്ങൾ പുലമ്പുന്നുണ്ടല്ലോ. എല്ലാ ദേവന്മാരുടേയും ഇരിപ്പിടം രാജാവിലാണ്. ഞാൻ നിങ്ങളുടെ രാജാവായതുകൊണ്ട് ഏതൊരു വിധത്തിൽ നോക്കിയാലും നിങ്ങൾ എന്നെയാണ് പൂജിക്കേണ്ടത്. പൂജാർഹനായി മറ്റാരുമില്ല." അത് വേനന്റെ ദുഷ്ടതയുടെ പാരമ്യമായിരുന്നു. ഭഗവൽനിന്ദയും അക്രമവും ക്രൂരതയും കാരണം ജീവിക്കാനുള്ള യോഗ്യത അവനുണ്ടായിരുന്നില്ല. ക്രുദ്ധരായ ഋഷിമാർ ഒന്നുചേർന്ന് "ഹും" എന്നു പറഞ്ഞപ്പോഴേക്കും വേനൻ ചത്തുവീണു. ഋഷിമാർ, ഭഗവൽമഹിമകളെ വാഴ്ത്തി അവിടം വിട്ടു പോയി. വേനന്റെ അമ്മ, ചില പച്ചമരുന്നുപ്രയോഗങ്ങൾകൊണ്ട് വേനന്റെ ശവശരീരം കേടുകൂടാതെ സൂക്ഷിച്ചുവച്ചു. രാജാവില്ലാതെ നാട്ടിലുടനീളം അധർമ്മം നടമാടാൻ തുടങ്ങി. വേനന്റെ സിംഹാസനാരോഹണത്തിനും അവന്റെ മരണത്തിനും കാരണക്കാരായ ഋഷിമാർ കാര്യങ്ങൾ സ്വയം ഏറ്റെടുത്തു. ജനത്തിന്റെ മുഴുവൻ നന്മയാണല്ലൊ അവരുടെ ലക്ഷ്യം. ബ്രാഹ്മണരും ഋഷിമാരും ജനങ്ങളുടെ ദു:ഖനിവാരണത്തിനു ശ്രമിക്കാതെ നിസ്സംഗരായിരിക്കുന്ന പക്ഷം അവരുടെ ആത്മീയശക്തിയും ഊർജ്ജവും ഇല്ലാതാവുന്നു. വേനന്റെ തുടഭാഗം അതിശീഘ്രം തിരിച്ച് ഋഷിമാർ ഒരു കുള്ളനെ സൃഷ്ടിച്ചു. അവൻ ചോദിച്ചു "ഞാനെന്താണ് ചെയ്യേണ്ടത് ?" ബ്രാഹ്മണർ പറഞ്ഞു. "അവിടെയിരിക്കുക." അതിൽനിന്നാണ് "നിഷാദൻ"എന്ന പേരിൽ അവനറിയപ്പെട്ടത്. അവന് അഛന്റെ പാപപങ്കിലമായ സ്വഭാവം കിട്ടി. അവന്റെ പിൻഗാമികൾ നിഷാദർ എന്ന പേരിൽ കാനനവാസികളായി ജീവിച്ചു.